ആവശ്യമായ 222 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടിയോജിപ്പിച്ചതിന്റെ ഫലമായും പുതിയ നഗരസഭകൾ രൂപീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ 385 തസ്തികകൾ അധികമായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) പുതിയ നഗരസഭകളിൽ ''സ്റ്റാഫ് സ്റ്റാന്റ്ഡൈസേഷൻ'' മാനദണ്ഡമനുസരിച്ച് ആവശ്യമായ 222 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്.

അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

141 (433) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെയും പഞ്ചായത്തുകളുടെയും അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അസസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം എത്ര നഗരസഭകളിലും പഞ്ചായത്തുകളിലും നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(സി) അസസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടർവൽക്കരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷമായി; പ്രസ്തുത ഏജൻസി സോഫ്റ്റ്വെയർ ഡെവലപ് ചെയ്തോ; എത്രയെണ്ണം ഡെവലപ് ചെയ്തു; ഇതിന് എത്ര കോടി രൂപ ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) നഗരസഭയോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളുടെ വീട്ടുനമ്പരുകൾ ഇടുന്ന ജോലി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അസസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം 3 കോർപ്പറേഷനുകളിലും 4 മുനിസിപ്പാലിറ്റികളിലും ഒരു ഗ്രാമപഞ്ചായത്തിലും പൂർത്തിയാക്കിയിട്ടുണ്ട്.

(സി) അസസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള സോഫ്റ്റ്വെയർ ഇൻഫർമേഷൻ കേരള മിഷൻ 2005-ൽ തന്നെ വികസിപ്പിച്ചിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്ററുകളുടെ ഡിജിറ്റൽവൽക്കരണം തദ്ദേശീയമായ കുടുംബശ്രീ/അക്ഷയ സംവിധാനം ഉപയോഗിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ഈ സോഫ്ട്വെയറിന്റെ വികസനത്തിനായി പ്രത്യേക ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly